**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268** | **05-02-2026 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ, എം.എൽ.എ. ആസ്തി വികസന ഫണ്ടിലോ പ്രാദേശിക വികസന ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളത്; ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുക, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ? | (എ) | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റേഷൻ കട നവീകരണത്തിനായി കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാ റേഷൻ കടകൾക്കും 2500 രൂപ വീതം നൽകിയിരുന്നു. ടി ഇനത്തിൽ കായംകുളം മണ്ഡലത്തിലെ റേഷൻ കട നവീകരണത്തിനായി ആകെ 2,32,500/- രൂപ അനുവദിച്ചിരുന്നു.<br>കെ-സ്റ്റോർ പദ്ധതി - നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്(5kg), വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSMEകൾ ഉൽപാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഉത്പന്നങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/-രൂപ വരെ Aadhar Enabled Payment System (AEPS) മുഖേനെ പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും കെ-സ്റ്റോറുകളിലൂടെ നൽകിവരുന്നു. നിലവിലെ സർക്കാരിന്റെ കാലത്ത് കായംകുളം മണ്ഡലത്തിൽ താഴെ കൊടുത്തിരിക്കുന്ന 13 കെ സ്റ്റോറുകൾ നിലവിൽ പ്രവർത്തിച്ചു വരികയാണ്. |

| കെ സ്റ്റോറുകൾ | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|
| 1420003 | ദേവികുളങ്ങര |
| 1420008 | ദേവികുളങ്ങര |
| 1420025 | കൃഷ്ണപുരം |
| 1420032 | കായംകുളം |
| 1420037 | കായംകുളം |

| | |
|---|---|
| 1420043 | കായംകുളം |
| 1420050 | കായംകുളം |
| 1420073 | പത്തിയൂർ |
| 1420077 | പത്തിയൂർ |
| 1420079 | പത്തിയൂർ |
| 1420086 | കണ്ടല്ലൂർ |
| 1420094 | കണ്ടല്ലൂർ |
| 1420272 | കയംകുളം |

ഒപ്പം പദ്ധതി - വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് എല്ലാ മാസവും 10ന് മുമ്പ് സൗജന്യമായി റേഷൻ വിഹിതം വീട്ടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. നിലവിലെ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഒപ്പം പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിൽ ഒരു റേഷൻ കാർഡുടമയാണ് നിലവിലുള്ളത്.

സെക്ഷൻ ഓഫീസർ